ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.03.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ആശാപ്രവർത്തകരുടെ ഇൻസെൻറീവ് വർദ്ധന പരിഗണനയിലെന്ന് കേന്ദ്ര ആരോഗ്യമന്ത്രി രാജ്യസഭയിൽ. സമരം ചെയ്യുന്ന ആശപ്രവർത്തകരുമായി മന്ത്രി വീണാ ജോർജ്ജ് നടത്തിയ ചർച്ച പരാജയം.

   The Union Health Minister informed Rajya Sabha that an increase in incentives for ASHA workers is under consideration. Kerala Minister Veena George's talks with the protesting ASHA workers failed.

2. കർഷകർക്കായുള്ള പുതുക്കിയ രാഷ്ട്രീയ ഗോകുൽ മിഷന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. പദ്ധതിയുടെ ആകെ വകയിരുത്തൽ 3,400 കോടി രൂപ.

   The Union Cabinet has approved the revised Rashtriya Gokul Mission for farmers. The total outlay for the project is Rs 3,400 crore.

3. ഇന്ത്യയുടെ സ്വന്തം ബഹിരാകാശ നിലയമായ ഭാരത് അന്തരിക്ഷ് സ്റ്റേഷൻ 2035 – ൽ

സ്ഥാപിക്കുന്നത് പരിഗണനയിലെന്ന് കേന്ദ്ര സർക്കാർ.

India has planned to have its own space station namely Bharat Antariksh Station in 2035.

4. ഗാസയിലെ സ്ഥിതിഗതികളിൽ ആശങ്ക അറിയിച്ച് ഇന്ത്യ. അഭയാർത്ഥികളെയെല്ലാം മോചിപ്പിക്കണമെന്ന് വിദേശകാര്യമന്ത്രാലയം.

External Affairs Ministry today expressed concern over the situation in Gaza. Ministry stressed upon the importance of the release of all hostages.

5. ഖേലോ ഇന്ത്യ പാരാ ഗെയിംസിന് നാളെ ന്യൂഡൽഹിയിൽ തുടക്കം.

Khelo India Para Games will take place from tomorrow in New Delhi.

&&&&&&&&&&&&&&&&&&

**PARLIAMENT**

ആരോഗ്യമന്ത്രാലയത്തിൻറെ പ്രവർത്തനവുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി നഡ്ഡ ഇന്ന് രാജ്യസഭയിൽ മറുപടി നൽകി. രാജ്യത്തുടനീളമുള്ള ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകുന്നതിൽ സർക്കാർ ശ്രദ്ധകേന്ദ്രീകരിക്കുന്നതായി അദ്ദേഹം പറഞ്ഞു. ആശമാരുടെ ഇൻസെൻറീവ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടെന്നും മന്ത്രി ചർച്ചയിൽ

ആവർത്തിച്ചു. എൻഎച്ച്എം സ്റ്റിയറിങ്ങ് കമ്മിറ്റി ഇക്കാര്യം ശുപാർശ ചെയ്യുതായും കേന്ദ്ര ആരോഗ്യമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## VEENA GEORGE-INTRO

കേരളത്തിൽ കഴിഞ്ഞ 38 ദിവസമായി സമരം തുടരുന്ന ആശാ പ്രവർത്തകരുമായി ആരോഗ്യ മന്ത്രി വീണാ ജോർജ് നടത്തിയ രണ്ടാം ഘട്ട ചർച്ചയും പരാജയം. ആശാ പ്രവർത്തകരുടെ ഓണറേറിയം വർധിപ്പിക്കുന്നത് സംബന്ധിച്ച് കേന്ദ്ര ആരോഗ്യ മന്ത്രിയുമായി ചർച്ച നടത്തുമെന്നും മന്ത്രി അറിയിച്ചു.
( വോയിസ്.... )

തങ്ങളുടെ ആവശ്യങ്ങളൊന്നും സംസ്ഥാന സർക്കാർ അംഗീകരിച്ചില്ലെന്നും സമരം തുടരുമെന്നും ആശാ പ്രവർത്തകർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## VP - FREEBIES

കേന്ദ്ര സർക്കാരിൻറെ നിക്ഷേപങ്ങൾ ചിട്ടയായ രീതിയിൽ പൊതുതാൽപ്പര്യത്തിനായി വിനിയോഗിക്കുന്ന തരത്തിൽ ഒരു ദേശീയ നയം കൊണ്ടുവരണമെന്ന്

ഉപരാഷ്ട്രപതിയും രാജ്യസഭാ അധ്യക്ഷനുമായ ജഗ്ദീപ് ധൻഖർ. രാജ്യത്തെ തെരഞ്ഞെടുപ്പ് പ്രക്രിയ തെരഞ്ഞെടുപ്പ് പ്രലോഭനങ്ങളായി മാറിയിരിക്കുകയാണെന്നും പുതിയ സർക്കാരിനെ ഇത് അസ്വസ്ഥമാക്കുന്നുവെന്നും അദ്ദേഹം രാജ്യസഭയിൽ ശൂന്യവേളയിൽ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## LS – JITENDRA SPACE –INTRO

2035 – ൽ ഭാരത് അന്തരിക്ഷ് സ്റ്റേഷൻ എന്ന ഇന്ത്യയുടെ സ്വന്തം ബഹിരാകാശ നിലയം സ്ഥാപിക്കുന്നത് പരിഗണനയിലെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. 2040-ഓടെ ഇന്ത്യൻ ബഹിരാകാശയാത്രികൻ ചന്ദ്രനിലിറങ്ങുമെന്നും

അദ്ദേഹം ലോക്സഭയിൽ പറഞ്ഞു.

(ഹോൾഡ് വോയിസ്)
മനുഷ്യനെ ബഹിരാകാശത്തെത്തിക്കുന്ന ഗഗൻയാൻ ദൗത്യത്തിൻറെ പരീക്ഷണ പറക്കൽ ഈ വർഷം അവസാനത്തോടെയുണ്ടാകുമെന്നും ശ്രീ ജിതേന്ദ്രസിംഗ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## RS– TERRORISM

രാജ്യത്ത് ഭീകരപ്രവർത്തനങ്ങളിൽ ഗണ്യമായ കുറവ് വന്നതായി കേന്ദ്ര സർക്കാർ. ഭീകരവാദത്തിനെതിരെ സർക്കാർ സ്വീകരിച്ച വിട്ടുവീഴ്ചയില്ലാത്ത നയമാണ് ഇതിന് സഹായകമായതെന്നും കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ റായ് രാജ്യസഭയിൽ അറിയിച്ചു. തീവ്രവാദം പൂർണമായി ഉന്മൂലനം ചെയ്യാൻ ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## LS-VAISHNAW BETTING

രാജ്യത്ത് ഓൺലൈൻ ചൂതാട്ടം, വാതുവെപ്പ് തുടങ്ങിയവ മികച്ച രീതിയിൽ നിയന്ത്രിക്കാൻ സാധിച്ചതായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. കഴിഞ്ഞ വർഷം 1,097 വാതുവെപ്പ്, ചൂതാട്ട വെബ്സൈറ്റുകൾ നിരോധിച്ചിട്ടുണ്ടെന്നും അദ്ദേഹം ലോക്സഭയിൽ പറഞ്ഞു. സൈബർ ഇടങ്ങളിലെ ചതിക്കുഴികളെ കുറിച്ച് സമൂഹത്തിന് കൂടുതൽ അവബോധം ഉണ്ടായിട്ടുണ്ടെന്നും ശ്രീ അശ്വിനി വൈഷ്ണവ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## CABINET BRIEFING -INTRO

കർഷകർക്കായുള്ള പുതുക്കിയ രാഷ്ട്രീയ ഗോകുൽ മിഷന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. പദ്ധതിക്കായി 3,400 കോടി രൂപ വകയിരുത്തിയതായി ന്യൂഡൽഹിയിൽ മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിക്കവെ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. പദ്ധതിയിലൂടെ പാൽ ഉൽപാദനം വർദ്ധിപ്പിക്കുകയും കർഷകർക്ക് മികച്ച വരുമാനം ലഭിക്കുകയും ചെയ്യുമെന്നും അദ്ദേഹം അറിയിച്ചു.

(ഹോൾഡ് - വോയിസ്)

ചെറിയ തുകയ്ക്കുള്ള BHIM-UPI ഇടപാടുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പാരിതോഷിക പദ്ധതിയും കേന്ദ്ര മന്ത്രിസഭ അംഗീകരിച്ചു.

&&&&&&&&&&&&&&&&&&

## REV. NADDA-BILL GATES

ഇന്ത്യ എ ഐ മിഷനും ബിൽ ആൻഡ് മെലിൻഡാ ഗേറ്റ്സ് ഫൗണ്ടേഷനും തമ്മിൽ ധാരണാപത്രം ഉടൻ ഒപ്പുവയ്ക്കുമെന്ന് കേന്ദ്ര സർക്കാർ. ന്യൂഡൽഹിയിൽ ബിൽഗേറ്റ്സുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവാണ് ഇക്കാര്യം അറിയിച്ചത്. കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നദ്ദയും ബിൽഗേറ്റ്സുമായി കൂടിക്കാഴ്ച് നടത്തി.

&&&&&&&&&&&&&&&&&&

## PREZ UDYAM UTSAV

രാഷ്ട്രപതി ഭവനിലെ അമൃത് ഉദ്യാനത്തിൽ ഉദ്യം ഉത്സവിന് നാളെ തുടക്കമാകും. രാഷ്ട്രപതി ദ്രൗപദി മുർമു പരിപാടിയിൽ

പങ്കെടുക്കും. രാജ്യത്തിൻറെ ഊർജ്ജസ്വലമായ പൈതൃകത്തിലേക്ക് ജനങ്ങളെ അടുപ്പിക്കാനും അതിലൂടെ എംഎസ്എംഇ കളെ പ്രോത്സാഹിപ്പിക്കുകയുമാണ് ലക്ഷ്യം. എംഎസ് എം ഇ മന്ത്രാലയം സംഘടിപ്പിക്കുന്ന പരിപാടി ഈ മാസം 30 ന് സമാപിക്കും.

&&&&&&&&&&&&&&&&&&

## MEA-GAZA

ഗാസയിലെ സ്ഥിതിഗതികളിൽ ആശങ്ക അറിയിച്ച് ഇന്ത്യ. അഭയാർത്ഥികളെയെല്ലാം മോചിപ്പിക്കണമെന്ന് വിദേശകാര്യമന്ത്രാലയം ആവശ്യപ്പെട്ടു. ഗാസയിലെ ജനങ്ങൾക്കാവശ്യമായ മാനുഷിക സഹായം തുടരണമെന്നും മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&

## RAISINA - JAISHANKAR-INTRO

ദേശസുരക്ഷ മുൻനിർത്തിയാണ് ലോകരാജ്യങ്ങൾ വ്യാപാര തീരുമാനങ്ങൾ കൈക്കൊള്ളുന്നതെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. ന്യൂഡൽഹിയിൽ റെയ്സിന ഡയലോഗിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സുരക്ഷിതവും വിശ്വസനീയവുമായ പങ്കാളിത്തങ്ങൾക്കാണ് രാജ്യങ്ങൾ ഇപ്പോൾ മുൻഗണന നൽകുന്നത്. ഇന്ത്യയുടെ വ്യാപാര രംഗത്തെക്കുറിച്ച് വിശദീകരിച്ച ശ്രീ ജയശങ്കർ, രാജ്യം യൂറോപ്യൻ യൂണിയൻ, യുകെ, യുഎസ് എന്നീ രാജ്യങ്ങളുമായി മൂന്ന് വലിയ വ്യാപാര ചർച്ചകളിൽ ഏർപ്പെട്ടിരിക്കുകയാണെന്നും പറഞ്ഞു.

(ഹോൾഡ് - വോയിസ്)

&&&&&&&&&&&&&&&&&&

## NIYAMASABHA WALKOUT

കണ്ണൂർ തലശ്ശേരി മണോളികാവ് ക്ഷേത്രോത്സവത്തോടനുബന്ധിച്ച് ഉണ്ടായ സംഘർഷം സംബന്ധിച്ച ഉപക്ഷേപ നോട്ടീസ് തള്ളിയ സ്പീക്കറുടെ നടപടിയിൽ പ്രതിഷേധിച്ച് കേരള നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. വിഷയം പൊതു പ്രാധാന്യമർഹിക്കാത്തതും അടിയന്തര സ്വഭാവമില്ലാത്തതും ആയതിനാൽ നോട്ടീസ് അനുവദിക്കാൻ കഴിയില്ലെന്ന് സ്പീക്കർ അറിയിക്കുകയായിരുന്നു. സർക്കാരിന് അപ്രിയമായ കാര്യങ്ങൾ സഭയിൽ കൊണ്ട് വരുന്നത് സമ്മതിക്കില്ല എന്ന് പറയുന്നത് ശരിയായ നടപടിയല്ലെന്ന് പ്രതിപക്ഷനേതാവ് വി ഡി സതീശൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

## STATE CABINET

വയനാട് പുനരധിവാസത്തിന് ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭാ യോഗ തീരുമാനം. ഉരുൾപൊട്ടലിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട മേപ്പാടി പഞ്ചായത്തിലെ ഏഴ് കുട്ടികൾക്കും മാതാപിതാക്കളിൽ ഒരാൾ നഷ്ടപ്പെട്ട 14 കുട്ടികൾക്കും പഠനാവശ്യത്തിനായി പത്ത് ലക്ഷം രൂപ അനുവദിക്കാനും മന്ത്രിസഭ തീരുമാനിച്ചു. വിഴിഞ്ഞം തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭ റെയിൽപാതയുടെ DPR നും മന്ത്രിസഭായോഗം അംഗീകാരം നൽകി.

&&&&&&&&&&&&&&&&&&

## HC-RAGGING

റാഗിംഗ് വിരുദ്ധ നിയമം പരിഷ്കരിക്കുന്നതിനുള്ള കർമ്മസമിതി എത്രയും വേഗം രൂപീകരിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് ഹൈക്കോടതി. സമിതിയുടെ കരട് രൂപം ഏഴ് ദിവസത്തിനകം അറിയിക്കണമെന്നും ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ഡിവിഷൻ ബെഞ്ച് നിർദ്ദേശിച്ചു. ഇതു സംബന്ധിച്ച പൊതു താൽപര്യ ഹർജി ഹൈക്കോടതി അടുത്ത വ്യാഴാഴ്ച പരിഗണിക്കും.

&&&&&&&&&&&&&&&&&&&

## KHELO INDIA PARA GAMES– LAUNCH

ഖേലോ ഇന്ത്യ പാരാ ഗെയിംസിന്, ന്യൂഡൽഹിയിൽ നാളെ തുടക്കം. ഈ മാസം 27 വരെ നീളുന്ന ഗെയിംസിൻറെ ഗാനം, ഭാഗ്യചിഹ്നം, ലോഗോ എന്നിവ കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യയുടെ സാന്നിധ്യത്തിൽ ഇന്നലെ പ്രകാശനം ചെയ്തു. ആറ് ഇനങ്ങളിലായി ആയിരത്തി മുന്നൂറിലധികം പാരാ അത്‌ലറ്റുകൾ ഗെയിംസിൽ മാറ്റുരയ്ക്കും.

&&&&&&&&&&&&&&&&&&&

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 148 പോയിന്റ് ഉയർന്ന് 75,449 ലും നിഫ്റ്റി 73 പോയിന്റ് നേട്ടത്തിൽ 22,908 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്. സ്വർണ്ണ വില കൂടി. പവന് 320 രൂപ കൂടി 66,320 രൂപയും ഗ്രാമിന് 8,290 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&

## WEATHER

കേരളത്തിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും, ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, എറണാകുളം, തൃശൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

&&&&&&&&&&&&&&&&&&

## VIKASIT BHARATH

കേന്ദ്ര യുവജന കാര്യ കായിക മന്ത്രാലയം സംഘടിപ്പിക്കുന്ന വികസിത് ഭാരത് യൂത്ത് പാർലമെൻറിൻറെ ജില്ലാതല മത്സരങ്ങൾ ഈ മാസം 22, 23 തീയതികളിൽ കേരളത്തിലെ നാല് ജില്ലകളിലായി നടക്കും. സംസ്ഥാന തല മത്സരം 25 ന് ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

## WB – RHINO CENSUS

പശ്ചിമ ബംഗാളിൽ ഒറ്റക്കൊമ്പൻ റൈനോകളുടെ എണ്ണം 229 ൽ നിന്ന് 392 ആയി വർധിച്ചു. ഈ മാസം അഞ്ച് ആറ് തീയതികളിൽ 396 ചതുരശ്ര കിലോമീറ്ററിൽ നടത്തിയ കണക്കെടുപ്പിലാണ് ഇത് കണ്ടെത്തിയത് .

&&&&&&&&&&&&&&&&&&

## RAJNATH-MAJOR KHATHING

രാഷ്ട്രത്തിന് എപ്പോഴും പ്രഥമ സ്ഥാനം നൽകണമെന്നും ഐക്യത്തോടെയും സത്യസന്ധതയോടെയും കടമകൾ നിർവഹിക്കണമെന്നും രാജ്യരക്ഷാമന്ത്രി മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ മേജർ ബോബ് ഖാതിംഗിൻറെ അനുസ്മരണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ധീരതയിലൂടെ രാജ്യ ചരിത്രത്തിൽ മായാത്ത മുദ്ര പതിപ്പിച്ച മഹത് വ്യക്തിയായിരുന്നു മേജർ ഖാതിംഗ് എന്ന് ശ്രീ രാജ്നാഥ് സിങ് പറഞ്ഞു .

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&
&&&&&&&
&&&&&&
&&&&
&&&
&&
&